കേരള സാഹിത്യ അക്കാദമി
തൃശൂർ

# ഓർമകളുണ്ടായിരിക്കണം
## സാംസ്കാരികപ്രദർശനം
### ദേശീയ പുസ്തകോത്സവവേദിയായ അക്കാദമി ഓഡിറ്റോറിയത്തിൽ

തൃശൂർ : ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി അക്കാദമി ഓഡിറ്റോറിയത്തിൽ പ്രശസ്ത ചിത്രകാരൻ ഗായത്രിയുടെ സംവിധാനത്തിലൊരുക്കിയ 'ഓർമകളുണ്ടായിരിക്കണം' എന്ന സാംസ്കാരികപ്രദർശനത്തിൽ രണ്ട് ഭാഗങ്ങളുണ്ട്. ഐക്യകേരളത്തിന്റെ അറുപതാം പിറന്നാൾ ആഘോഷിക്കുന്ന സന്ദർഭത്തിൽ, കേരളം പിന്നിട്ട ഇന്നലെകളിലേക്ക് വെളിച്ചം വീശുന്ന ചരിത്ര വസ്തുതകൾ ഉൾപ്പെടുന്നതാണ് ആദ്യഭാഗം. നവോത്ഥാനനായകനും കേരളത്തിന്റെ ആദ്യമുഖ്യമന്ത്രിയുമായ ഇ.എം.എസ്സിൽ തുടങ്ങുകയാണീ അന്വേഷണം. വലതുപക്ഷത്തിന്റെ വിപത്തുകൾ വേട്ടയാടുന്ന കേരളീയസമൂഹത്തെ ശരിയിലേക്ക് നയിക്കുന്ന പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ജനങ്ങൾക്കിടയിൽ നടപ്പാക്കുന്ന കർമപദ്ധതികളെപ്പറ്റി പ്രദർശനം ധാരണ നൽകുന്നു.

'വലതുപക്ഷവൽകരണത്തിന്റെ വിപത്ത് കേരളീയസമൂഹത്തിന് മുമ്പിൽ തൂങ്ങിക്കിടന്നാടുകയാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുനഃപ്രവേശനത്തിന് തിടുക്കം കൂട്ടുകയും, പുതിയ തലമുറയുടെ കാഴ്ചപ്പാടിലും ജീവിതരീതിയിലും വ്യക്തിബന്ധങ്ങളിലും വലതുപക്ഷവൽകരണം പിടിമുറുക്കുകയും ചെയ്യുന്ന ഒരു സാമൂഹികപരിസരത്തിൽ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുകയെന്നത് അതിപ്രധാനമാണ്.' മുഖ്യമന്ത്രി പിണറായി വിജയന്റെ ഈ സമകാലിക കാഴ്ചപ്പാടിനെ അന്വർത്ഥമാക്കുന്ന ഇൻസ്റ്റലേഷൻ സമീപകാലസംഭവങ്ങൾ സ്മരണയിൽ കൊണ്ടുവരുന്നു. വിദ്യാഭ്യാസരംഗത്തെ വിപണിവൽകരണത്തിനെതിരായ നടപടികളെപ്പറ്റി പൊതുജനങ്ങളെ ബോധവൽകരിക്കുന്നു. നവോത്ഥാനമൂല്യങ്ങൾ അപ്രസക്തമായിത്തീരുന്നതിനെതിരെ പ്രദർശനം നിലപാടെടുക്കുന്നു. ഇന്ന് സാമൂഹികജീവിതം നേരിടുന്ന ഭീഷണികൾക്കെതിരായ ചെറുത്തുനിൽപിന്റെ സമഗ്രസത്ത പ്രകടമാക്കുന്നതാണ് ഈ ഇൻസ്റ്റലേഷൻ.

ഒക്റ്റോബർ വിപ്ലവത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുമായി ബന്ധപ്പെട്ടതാണ് രണ്ടാംഭാഗം. ഒക്ടോബർ വിപ്ലവം മലയാളസാഹിത്യത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു എന്നതിന്റെ ചിത്രീകരണമാണിത്. ഒക്ടോബർ വിപ്ലവം മുതലാളിത്തചൂഷണത്തെ എങ്ങനെ എതിരിട്ടുവെന്നും മറ്റ് രാജ്യങ്ങളിൽ ഉരുത്തിരിയുന്ന തൊഴിലാളിവർഗമുന്നേറ്റങ്ങൾക്ക് എങ്ങനെ പ്രചോദനമരുളിയെന്നും പ്രദർശനം ചിത്രങ്ങളിലൂടെ വ്യക്തമാക്കുന്നു. ടോൾസ്റ്റോയ്, ദയസ്തയേവ്സ്കി, മയകോവ്സ്കി,

ഷൊളൊഖൊവ്, തുർഗനേവ്, പുഷ്കിൻ, ഗൊഗോൾ, ഗോർക്കി തുടങ്ങിയ എഴുത്തുകാരുടെ രേഖാചിത്രങ്ങളും സംഭാവനകളും സംക്ഷിപ്തമായി രേഖപ്പെടുത്തിയ പേനലുകൾ പ്രദർശനത്തെ അർത്ഥപൂർണമാക്കുന്നു. ഒക്ടോബർ വിപ്ലവം പ്രമേയമാക്കി തയ്യാറാക്കിയ ഡോക്യുമെന്ററികളിൽനിന്നും സെർജി ഐസെൻസ്റ്റീന്റെ ബാറ്റിൽഷിപ് പൊടംകിൻ അടക്കമുള്ള സിനിമകളിൽനിന്നും തെരഞ്ഞെടുത്ത ഭാഗങ്ങൾ വേദിയിൽ പ്രദർശിപ്പിക്കുന്നുണ്ട്.

ഒക്ടോബർ വിപ്ലവത്തിന്റെ ശതാബ്ദി വർഷം ലോകമെങ്ങും കൊണ്ടാടുകയാണിപ്പോൾ. കേരളത്തിലും ഇതിന്റെ നൂറാം പിറന്നാൾ ആഘോഷങ്ങൾ നടന്നുവരുന്നു. മലയാളസാഹിത്യത്തെയും കലയെയും സംസ്കാരത്തെയും നിർണയിക്കുന്നതിൽ ഒക്ടോബർ വിപ്ലവം ശ്രദ്ധേയമായ പങ്കു വഹിച്ചിട്ടുണ്ട്. ഒക്ടോബർ വിപ്ലവത്തിന്റെ അലയൊലികൾ ഇരമ്പുന്ന മലയാളകൃതികളുടെയും എഴുത്തുകാരുടെയും ചിത്രങ്ങൾ ഈ പ്രദർശനത്തെ ജീവസ്സുറ്റതാക്കുന്നു.

ഒരു നീർമാതളപ്പൂവിന്റെ നേർത്ത സുഗന്ധമായി അക്ഷരലോകത്ത് നിറഞ്ഞുനിന്ന കമലാ സുരയ്യയുടെ ശബ്ദം കേട്ടാസ്വദിക്കാനുള്ള അവസരവും ഈ പ്രദർശനത്തിലുണ്ട്. പ്രത്യേകം തയ്യാറാക്കിയ കറുത്ത ബോക്സിനുള്ളിൽ കടന്നിരുന്നാൽ ലെനിന്റെയും ഇഎംഎസ്സിന്റെയും പ്രഭാഷണങ്ങൾ കേൾക്കാനാവും. പുതിയ തലമുറക്ക് വിലപ്പെട്ട ചരിത്രരേഖകളാണിവ.

കേരളത്തിൽ ഭയപ്പെടുത്തുന്ന വാർത്തകളായി മാറുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളിൽ ചിത്രകാരൻ ഗായത്രി ഇൻസ്റ്റലേഷനുകളിലൂടെയും ചിത്രങ്ങളിലൂടെയും ശക്തമായ പ്രതിഷേധമുയർത്തുന്നു. സ്ത്രീ കേവലമൊരു ഉടൽ മാത്രമല്ലെന്ന ആശയമാണിവിടെ നിറയുന്നത്. ഏറെ ശ്രദ്ധേയമായ ഒരു ചിത്രമാണ് മുളങ്കാട്ടിൽ നിൽക്കുന്ന നിഷ്കളങ്ക ബാല്യത്തിന്റേത്. ഏത് നിമിഷവും പീഡനത്തിന്റെ കൈകൾ ബാല്യങ്ങൾക്കുനേരെ നീണ്ടുവരുമെന്നതിന്റെ സൂചന ചിത്രകാരൻ ഗായത്രി നൽകുന്നുണ്ട്.

സാംസ്കാരികരംഗത്തേക്ക് കടന്നുകയറുന്ന വർഗീയഫാസിസത്തിന്റെ ആയുധമുനകളെ ചിത്രീകരിച്ചിരിക്കുന്നതും ഏറെ പ്രസക്തമാണ്. ഒരു കൂട്ടം പുസ്തകങ്ങളുടെമേൽ രക്തമൊഴുക്കിക്കൊണ്ട് കഠാരകൾ കുത്തിനിർത്തിയ ദൃശ്യം ആരെയും സ്തബ്ധരാക്കും. മാനവസംസ്കാരത്തെ തലയോടുകളുടെ ചാരക്കൂമ്പാരമാക്കുന്ന യുദ്ധത്തിന് മുന്നിൽ അരുതേയെന്ന നിലവിളിയുമായി ഒരുക്കിയ ഇൻസ്റ്റലേഷൻ അതീവശ്രദ്ധേയം. ഹിംസക്കും ആഗോളതക്കും അധിനിവേശങ്ങൾക്കുമെതിരെ വികാരമുയർത്തുന്ന സാംസ്കാരികപ്രദർശനം കാണാൻ ധാരാളം കാണികളെത്തുന്നു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

തൃശൂർ
03.04.2017